**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4537** **22.07.2015 ൽ മറുപടിക്ക്**

**വാച്ചർമാരുടെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും,പരിസ്ഥിതിയും, ഗതാഗതവും,സിനിമയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിൽ ഇരുപത് വർഷം പൂർത്തിയായ വാച്ചർമാരെ സ്ഥിരപ്പെടുത്തി 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷം എന്ന കാലയളവ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; | (ബി) | വനം വകുപ്പിൽ 01/09/2013-ൽ 20 വർഷമോ അതിൽ കൂടുതലോ കാലം താത്ക്കാലികമായി തുടർച്ചയായി ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്നവരും അവരുടെ സേവനം തുടർന്നും വനംവകുപ്പിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടവരെയുമാണ് സ്ഥിരനിയമനം നൽകുന്നതിന് പരിഗണിച്ചിട്ടുള്ളത്. |
| (സി) | മറ്റു വകുപ്പുകളിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷത്തിൽ കുറഞ്ഞ കാലയളവാണ് അർഹതാമാനദണ്ഡമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | വനം വകുപ്പ് വാച്ചർമാരുടെ സ്ഥിരപ്പെടുത്തലിന്റെ കാര്യത്തിൽ സേവന കാലയളവ് 10 വർഷമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഇ) | 2015-ലെ സ്ഥിരപ്പെടുത്തൽ ഉത്തരവിൽ അർഹരായ പലരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ;ആരെങ്കിലും വിട്ടുപോയിട്ടുണ്ടോയെന്ന് ഡിവിഷൻ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ഇ) | ഉണ്ട്. അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ് | സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരും 2015-ലെ ഉത്തരവിൽ ഉൾപ്പെടാതെ പോയതുമായ മുഴുവൻ വാച്ചർമാരെയും സ്ഥരിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ